ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സബ് ഇൻസ്പെക്ടർമാരായി സ്ഥാനക്കയറ്റം നൽകിയവരുടെ എണ്ണം താഴെ കൊടുക്കുന്നു

ലോക്കൽ വിഭാഗം (എസ്.ഐ)	- 464
റിസർവ് വിഭാഗം (ആർ.എസ്.ഐ)	- 233
ആംഡ് പോലീസ് ബറ്റാലിയൻ (എ.പി.എസ്.ഐ)	- 104

(ബി)&(സി) എസ്.ഐ. തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകുന്നതിന് കാലതാമസം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ എസ്.ഐ. തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകുന്നതിന് ഡിപ്പാർട്ടുമെന്റൽ പ്രൊമോഷൻ ബോർഡ് കൂടി സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്നതിന് ചിലപ്പോൾ കാലതാമസം ഉണ്ടാകാറുണ്ട്. ഏതായാലും ഡി.പി.സി. കഴിയുന്ന്ത്ര വേഗത്തിൽ കൂടി സെലക്ട് ലിസ്റ്റ് തയ്യാറാക്കി കാലതാമസം കൂടാതെ എസ്.ഐ. തസ്തികയിലേക്ക് പ്രൊമോഷൻ നൽകുവാൻ വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു.

എന്നാൽ കണ്ണൂർ റേഞ്ചിൽ 30-9-98-ന് ശേഷം ഉണ്ടായ ലോക്കൽ വിഭാഗം എസ്.ഐ. മാരുടെ ഒഴിവുകൾ നിർത്തിക്കുന്നതിനായി സ്ഥാനകയറ്റം നൽകി നിയമിക്കപ്പെടുന്നതിന് അർഹരായ എ.എസ്.ഐ. മാരുടെ സെലക്ട് ലിസ്റ്റ് തയ്യാറാക്കി അനന്തര നടപടി സ്വീകരിച്ചു വരവേ പ്രൊമോഷൻ നൽകുന്നതിനുള്ള തുടർ നടപടികൾ 31.12.99-ന് ബഹു.ഹൈക്കോടതി സ്റ്റേ ഉത്തരവ് പുറപ്പെടുവിച്ചതിനാൽ തുടർ നടപടികൾ സ്വീകരിക്കുവാൻ നിർവ്വാഹമില്ലാതായിരിക്കുകയാണ്.

(ഡി) ഹൈക്കോടതി സ്റ്റേ ഉത്തരവ് പിൻവലിക്കുന്ന മുറയ്ക്ക് കണ്ണൂർ റേഞ്ചിലെ അർഹതപ്പെട്ടവർക്ക് ഡി.പി.സി. കൂടി സ്ഥാനക്കയറ്റം നൽകുന്നതാണ്.

കൊല്ലത്ത് ഒഴിവുള്ള പോലീസ് തസ്തികകൾ

73(814) ശ്രീ. പി.കെ.കെ. ബാവ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ജില്ലയിൽ പോലീസ് വകുപ്പിൽ ലോക്കൽ വിഭാഗത്തിൽ എത്ര എ.എസ്.ഐ തസ്തികകൾ ഒഴിവുണ്ട്;

(ബി) എത്ര ഹെഡ് കോൺസ്റ്റബിൾ തസ്തികകൾ ഒഴിവുണ്ട്;

(സി) ഒഴിവുകൾ എപ്പോൾ നികത്തുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കൊല്ലം ജില്ലയിൽ ലോക്കൽ വിഭാഗത്തിൽ 21 എ.എസ്.ഐ മാരുടെ ഒഴിവുണ്ട്.

(ബി) കൊല്ലം ജില്ലയിൽ ലോക്കൽ വിഭാഗത്തിൽ 4 ഹെഡ് കോൺസ്റ്റബിൾമാരുടെ ഒഴിവുണ്ട്.

(സി) ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

1122/2010.

LIBRARY ARCHIVES Kerala Legislative Assembly